# പിടി മുറുക്കുന്ന നീല

ഉന്നതമായൊരു സിനിമാ പൈതൃകം അവകാശപ്പെടുന്നവരാണ് മലയാളികൾ. ലോകസിനിമക്കും ഇന്ത്യൻ സിനിമക്കും മലയാളി നൽകിയ മുതൽകൂട്ടുകളും ചെറുതല്ല. ശക്തമായ സജീവമായ നിലവാരമുള്ളൊരു ആസ്വാദക വൃന്ദമായിരുന്നു മലയാള ചലച്ചിത്രങ്ങളുടെ ശക്തികേന്ദ്രം. സജീവമായിരുന്ന ഫിലിം സൊസൈറ്റി പ്രസ്ഥാനവും മറ്റും ആർട്ട് സിനിമകൾക്ക് പിന്തുണ നൽകിയപ്പോൾ കലാമൂല്ല്യമുള്ള ജനപ്രിയങ്ങളായ സിനിമകൾക്ക് സാധാരണ ജനങ്ങളും ഉള്ളഴിച്ച് സഹകരിച്ചു.

ഇതൊന്നുമില്ലാത്ത നാലാം കൂട്ട് തട്ടുപൊളിപ്പൻ പടങ്ങളാകട്ടെ 'സി 'ക്ലാസ് തിയറ്ററുകളിലും, അന്യസംസ്ഥാനങ്ങളിലും ബിറ്റുകളുടെ സഹായത്തോടെ ഓടി ഇറക്കിയ പണം പ്പിച്ചെടുത്തു.

ഇതൊക്കെ പഴയ കഥ. ഇന്ന് സിനിമ വിജയിക്കണമെങ്കിൽ സൂപ്പർ താരങ്ങളുടെ വർണ്ണ പകിട്ട് വേണം, അടിപൊളി ഗാനങ്ങൾ വേണം. ടൗസറും, ടി ഷർട്ടുമിട്ടു തുള്ളുന്ന നടികൾ വേണം. കേരളത്തിൻെറ സിനിമാ സംസ്കാരം മാറുകയാണ്.'എ' യുടെ ലേബലുമായെത്തുന്ന അന്യ ഭാഷാ ചിത്രങ്ങൾ 'സി' ക്ലാസ്സ് തിയ്യറ്ററുകളിൽ നിന്ന് 'ബി' ക്ലാസ്സിലേക്കും അവിടെനിന്ന് 'എ'ക്ലാസ്സ് തിയ്യറ്ററുകളിലേക്കും കടന്നുവന്നിരിക്കുന്നു.കോടികളിറക്കിയ മലയാളസിനിമകൾ പൊളിഞ്ഞുപാളീസാകുമ്പോൾ 'എ' എന്ന മാസ്മരിക ചിഹ്നത്തിൻെറ കരുത്തുമായെത്തുന്ന സിനിമ തിയറ്ററുകൾക്കുമുന്നിൽ വൃദ്ധരും, മധ്യവയസ്കരും യുവാക്കളും കുട്ടികളുമടങ്ങുന്ന ജനം ക്യൂ നിൽക്കുന്നു. മലയാളികളുടെ ഞരമ്പ് രോഗത്തിൻെറ ഈ ലക്ഷണങ്ങൾ ശരിക്കും കണ്ടറിഞ്ഞ് മുതലെടുക്കുന്നുമുണ്ട് വിതരണക്കാർ. ആദ്യം കുടുംബത്തിന് പിന്നെ പ്രായപൂർത്തിയായവർക്ക്.

കേരളത്തിൽ നിർമ്മിക്കപ്പെടുന്ന പല ചിത്രങ്ങളും ആദ്യം തിയ്യറ്ററുകളിൽ എത്തുന്നത് 'എ' സർട്ടിഫിക്കറ്റില്ലാതെയാണ്. കിട്ടാവുന്നതിൻെറ പരമാവധി കളക്ഷനും വാങ്ങി പിൻവാങ്ങുന്ന ഇവ പിന്നെയാണ് രൂപം മാറിയെത്തുന്നത്. പോസ്റ്ററുകളിൽ 'എ' എന്ന ചിഹ്നം കൂടി പ്രത്യക്ഷപ്പെട്ടിരിക്കും. ആദ്യമൊന്ന് പ്രദർശനം നടന്നിടത്തേക്ക് തിരിഞ്ഞു നോക്കുക പോലും ചെയ്യാതിരുന്ന പലരും ആ സിനിമയിൽ ഒരു ചിഹ്നംകൂടി ചേരുന്നതോടെ ഇരമ്പിയെത്തും. മറ്റെല്ലാം പഴയപടി. കിട്ടാത്തത് കിട്ടാതാവുമ്പോൾ ആരെയൊക്കെയോ ശപിച്ച് തിയ്യറ്റർ വിട്ടിറങ്ങുന്നു. വീണ്ടും ഇത്തരത്തിലുള്ള അടുത്ത പടത്തിന്.

## നീലചിത്രം കുടുംബചിത്രമായി

കുന്ദംകുളത്തെ കുപ്രസിദ്ധമായ ഒരു സിനിമാതിയ്യറ്ററിലാണ് സംഭവം. അയൽ ജില്ലകളിൽ നിന്നുപോലും സിനിമ കാണാൻ ആളുകൾ എത്തുമായിരുന്ന ഇവിടെ സിനിമയും പേരും തമ്മിൽ വലിയ ബന്ധമൊന്നും ഉണ്ടാകാറില്ല. ഇൻട്രവെൽ വരെയാണ് ടിക്കറ്റ് കൊടുക്കുക. ഇൻട്രവെല്ലിന് ശേഷമുള്ള 1/2 മണിക്കൂറാണ് യഥാർഥ സിനിമ. പരിപൂർണ്ണ നഗ്നമായ കേളികൾ വെള്ളിത്തിരയിൽ നിന്നും മറയുന്നതോടെ ആളുകളും തിയ്യറ്ററിൽ നിന്ന് ഒഴിയും. ജില്ലാ പോലീസ് സൂപ്രണ്ടിന് കിട്ടിയ പരാതി പ്രകാരം അന്നത്തെ തൃശൂർ ട്രാഫിക്

*അപർണ്ണാ ശങ്കർ*

സി.ഐ. ആയിരുന്ന മജീദ് ഒരു ദിവസം ഈ തിയ്യറ്റർ റെയ്ഡ് ചെയ്ത് നീലചിത്രം പിടിച്ചെടുത്തു. സീൽ ചെയ്തു കുന്ദംകുളം പോലീസ് സ്റ്റേഷനിലേൽപ്പിച്ചു. പിറ്റേന്ന് മജിസ്ട്രേറ്റ് മുൻപാകെ പടമെ

**സിനിമ**

ത്തുമ്പോഴേക്കും ഇതു കുടുംബചിത്രമായി മാറിക്കഴിഞ്ഞിരുന്നു. കുന്ദംകുളം സി.ഐ. യുടെ സസ്പെൻഷനിൽ കൊണ്ടെത്തിച്ച ഈ സംഭവം ഇന്നും കോടതിയിലാണ്.




## വികൃതമാകുന്ന ചുമരുകൾ

പൊതുസ്ഥലങ്ങളായ ഇടങ്ങളൊക്കെ സിനിമാ പോസ്റ്ററുകൾകൊണ്ട് നിറഞ്ഞ് കഴിഞ്ഞു. പോസ്റ്ററുകളിലാകട്ടെ അർദ്ധ നഗ്നവും, മുഴുനഗ്നവുമായ രംഗങ്ങളും. പരാതിപ്പെട്ടാൽ ഒന്നോ, രണ്ടോ ആഴ്ച ഇത്തരം പോസ്റ്ററുകൾ

അപ്രത്യക്ഷമായേക്കും. വീണ്ടും തഥൈവ. ഇത്തരം സിനിമാ പോസ്റ്ററുകൾക്കെതിരെ നടപടിയെടുക്കേണ്ടത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും പോലീസുമാണ്. എന്നാൽ പല നഗരങ്ങളിലും പ്രാഥമിക പരിശോധനപോലും ഈ രംഗത്ത് നടത്തുന്നില്ല.

## പേരുമാറുന്ന സിനിമകൾ

പല നല്ല ഇംഗ്ലീഷ് സിനിമകളും പേരുമാറി നീലചിത്രം എന്ന പേരിലാണ് കേരളത്തിൽ പ്രദർശനത്തിനെത്തുന്നത്. കലാമൂല്ല്യത്തിനപ്പുറം മലയാളി സ്വീകരിക്കുന്നത് ശരീരപ്രദർശനമാണ് എന്ന മനഃശാസ്ത്രം മനസ്സിലാക്കിയുള്ള ചുവടുമാറ്റം. ഒരു വേൾഡ് ക്ലാസിക് സിനിമയുടെ പോസ്റ്റർകണ്ട് തിയ്യറ്ററിലെത്തിയ എറണാകുളത്തെ ഒരുസംഘം കോളേജ് വിദ്യാർത്ഥികൾ വെള്ളിത്തിരയിൽ കണ്ടത് മറ്റൊരു ചിത്രത്തിൻെറ പേര് സിനിമയുടെ പേര് മാറ്റി ആ സിനിമയിലെ ഒരു സ്ത്രീ കഥാപാത്രത്തിൻെറ പേര് സിനിമക്ക് നൽകുകയായിരുന്നു വിതരണക്കാർ ചെയ്തത്.പുതിയ പേരാകട്ടെ വേൾഡ് ക്ളാസിക്കായ മറ്റൊരു സിനിമയുടെയും. പാതിവഴിക്കിറങ്ങിപ്പോന്ന വിദ്യാർഥി തിയ്യറ്ററുടമകളെകണ്ട് വിവരമന്വേഷിച്ചപ്പോൾ അവർ കൈകഴുകി ഒഴിഞ്ഞു. വിതരണക്കാരാണ് പോസ്റ്ററുകൾ തയ്യാറാക്കുന്നത് ഉത്തരവാദിത്വവും അവർക്കാണ് പോലും. വിതരണക്കാരുമായി ഫോണിൽ ബന്ധപ്പെട്ട സംഘത്തിന് കിട്ടിയത് പരിഹാസവും.

മലയാളിയുടെ കപട സദാചാരബോധവും അടിച്ചമർത്തപ്പെടുന്ന ലൈംഗികതയും മൂന്നാംകിട നീലചിത്രനിർമ്മാതാക്കളും വിതരണക്കാരും പൊളിഞ്ഞുവീഴാറായ പഴയ തീയ്യറ്ററുകളും മുതലെടുക്കുമ്പോഴും മലയാളി വാചാലനാവുക തന്നെയാണ്. തൻെറ സംസ്കാരത്തെപ്പറ്റി, പാശ്ചാത്യ സംസ്കാരചിഹ്നങ്ങൾ ഇന്നും തങ്ങൾ അകറ്റി നിറുത്തുന്നതിനെ പറ്റി. സ്ത്രീയെ ഇന്നും കെട്ടിപൊതിഞ്ഞ് നടക്കുന്നതിനെ പറ്റി.